# Third Periodic Test – December 2019

## Malayalam (SL)

Class: X
Date: 10-12-2019

Time Allowed : 3 Hrs
Maximum Marks: 80

---

## എ–വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ളചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

**ഭാരതീയചിന്തയിൽ പരമപ്രധാനമായ സ്ഥാനമാണ് ഭക്തിക്കുള്ളത്. പ്രാചീനരും ആധുനികരുമായ തത്ത്വചിന്തകർ ഭക്തിയെ അതിസൂക്ഷ്മമായി വിശകലനം ചെയ്തിട്ടുണ്ട്. പലമട്ടിൽ ഭക്തിയെ തരംതിരിച്ചിട്ടുണ്ട്. നിർവ്വചിച്ചിട്ടുണ്ട്. മനുഷ്യജീവിതത്തിലെ അതിവിശിഷ്ടമായഭാവമാണ് പ്രേമം. അത് ഈശ്വരനോടാകുമ്പോൾ ഭക്തിയെന്നു വിളിക്കപ്പെടുന്നു. മതങ്ങളുടെ മുഖ്യവിഷയമാണ് ഈശ്വരസാക്ഷാത്കാരമെന്ന മോക്ഷം. അതിലേയ്ക്കുള്ള പ്രധാനവഴി ഭക്തിയും. മലയാളത്തിൽ രണ്ടുഭക്തിപ്രസ്ഥാനമുണ്ടായിരുന്നതായി പറയപ്പെടുന്നു. എ.ഡി 7,8,9 നൂറ്റാണ്ടുകളിലാണ് ആദ്യ പ്രസ്ഥാനം. രണ്ടാമത്തേത് 15,16,17 നൂറ്റാണ്ടുകളിലും. ബുദ്ധജൈനമതങ്ങൾ അപചയിച്ച് ഹിന്ദുമതം മേൽക്കൈ നേടിയത് ആദ്യഘട്ടത്തിലാണ്. വിദേശീയരുടെയും വിദേശമതങ്ങളുടെയും ഇടപെടലുകൾ നടന്ന കാലഘട്ടത്തിലാണ് രണ്ടാംഭക്തിപ്രസ്ഥാനം രൂപംകൊള്ളുന്നത്. പെരുമാൾ തിരുമൊഴി, മുകുന്ദമാല എന്നിവ എഴുതിയ കുലശേഖര ആഴ്വാർ , തിരുമുറൈകൾ എഴുതിയ ചേരമാൻ പെരുമാൾ നായനാർ , ശങ്കരാചാര്യർ , രാമചരിതമെഴുതിയ ചീരാമൻ , ശങ്കരൻ, മാധവൻ, രാമൻ എന്നീ നിരണംകവികൾ , അയ്യപ്പിള്ളി ആശാൻ , ചെറുശ്ശേരി ,എഴുത്തച്ഛൻ , വില്വമംഗലം , പൂന്താനം , മേൽപ്പത്തൂർ നാരായണഭട്ടതിരി തുടങ്ങിയവരിലൂടെയാണ് മലയാളത്തിൽ ഭക്തിപ്രസ്ഥാനം ശക്തിപ്രാപിച്ചത് .**

### ചോദ്യങ്ങൾ

1. എന്തിനെയാണ് ഭക്തിയെന്നു വിളിക്കപ്പെടുന്നത് ? (2)

2. ഏതു കാലഘട്ടത്തിലാണ് രണ്ടാം ഭക്തിപ്രസ്ഥാനം രൂപംകൊള്ളുന്നത് ? (2)

3. ആരൊക്കെയാണ് നിരണം കവികൾ (2)

4. മതങ്ങളുടെ മുഖ്യവിഷയം എന്താണ് ? (2)

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരുശീർഷകം നൽകുക? (2)

## ബി - വിഭാഗം

2.ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. (7)

1.വനനശീകരണവും പ്രത്യാഘാതങ്ങളും

2. ലോകസമാധാനം

3. ശാസ്ത്രപുരോഗതി

3. സമൂഹത്തിന് ഗുണപ്രദമായ രീതിയിൽ സാമൂഹികമാധ്യമങ്ങളെ എങ്ങനെയെല്ലാം ഉപയോഗിക്കാം എന്ന വിഷയത്തെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമുഖപത്രത്തിൻെറ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. (7)

## സി -വിഭാഗം

4.. പ്രയോഗം മാറ്റുക. (1×2=2)

1. എഴുതാൻ ഉദ്ദേശിക്കുന്ന പുതിയ നോവലിനെക്കുറിച്ച് ദസ്തയേവിസ്കിയാൽ പറയപ്പെട്ടു.

2. അശ്വത്ഥാമാവ് ബ്രഹ്മശിരസ്സ് പ്രയോഗിച്ചു.

5.അംഗ–അംഗിവാക്യങ്ങൾ വേർതിരിച്ചെഴുതുക. (1×2=2)

1.നഗരചത്വരം കടന്നുപോകുമ്പോൾ ആകാശം വിളറിത്തുടങ്ങുന്നത് ദസ്തയേവിസ്കി കണ്ടു .

2.പാഴുതറയുടെ നെടുവരമ്പു കടന്നാൽ വെള്ളായിയപ്പന് ലോകം മുഴുവൻ അപരിചിതമാണ്.

6.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (1×2=2)

1.ഞാനെൻെറ ജീവിതത്തെപ്പറ്റിക്കുറിച്ച് പറയാം .മുഴുവനുമല്ല . അത് അസാധ്യമാണ്.

2. അകാലത്തുള്ള ആ കാറ്റും മഴയും മാരിയും കൊച്ചുചക്കരച്ചിയുടെ ആത്മാവിനെ കൂട്ടിക്കൊണ്ടുപോകാൻ നിയുക്തമായവയായിരുന്നു.

7.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (1×2=2)

1.തന്ത്രമല്ല

2.മൊഴിച്ചന്തം .

8.വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. (1×2=2)

1.മധുരക്കറി

2.മോക്ഷാർഥി

9.പര്യായപദങ്ങൾ എഴുതുക. (1×2=2)

1. പ്രാണൻ

2. മാളിക

10.നാനാർത്ഥപദങ്ങൾ എഴുതുക. (1×2=2)

1.പക്ഷം

2.പാട്

11.വിപരീതപദം എടുത്തെഴുതുക. (1×2=2)

1.അഭിമുഖം (ദുർമുഖം , പ്രതിമുഖം , മുഖാമുഖം , തൻമുഖം)

2.ശാശ്വതം (നശ്വരം ,നിരീശ്വരം , അനശ്വരം , ശാരീരം) .

12.അർത്ഥവ്യത്യാസമുള്ളപദങ്ങൾ എടുത്തെഴുതുക. (1 ×2=2)

1.ചേല – ചോല (കിരീടം , അരുവി , വസ്ത്രം , ഇരട്ട)

2.കപോലം –കപോതം (പ്രാവ് , മുറ്റം , ആയുധം , കവിൾ )

13. എതിർലിംഗം എഴുതുക (1×2=2)

1. മഹാൻ (മഹിഷി ,മഹതി , മനസ്വിനി , മാനസി)

2.ശുദ്ധൻ (ശുദ്ധ , അശുദ്ധ , ശാന്ത , സുശീല)

## ഡി– വിഭാഗം (സാഹിത്യം)

**14.a** ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. (1/2×8=4)

1.ആരുടെ ആത്മകഥയാണ് കാവ്യലോകസ്മരണകൾ?

(കുമാരനാശാൻ , വയലാർ രാമവർമ്മ , വൈലോപ്പിള്ളി , വള്ളത്തോൾ )

2.മുക്തിക്ക് വിഘ്നംവരുത്തുവാൻ ഏറെ ശക്തിയുള്ളത് എന്തിനാണ് ?

(കാമം ,ക്രോധം , മോഹം , ദേഹം)

3.അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്നത് ആരാണ് ?

(കവികൾ , പ്രപഞ്ചം , വിവേകികൾ , ഈശ്വരൻ)

4.' അച്ഛൻ പിറന്ന വീട് ' എന്ന കവിത എഴുതിയതാര്?

(സച്ചിദാനന്ദൻ , ഒ.എൻ.വി , റഫീക്ക് അഹമ്മദ് , വി..മധുസൂദനൻ നായർ)

**b.** 1.അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതുപോലെ അയാൾ കാത്തിരുന്നു .ആര്?

(പാറാവുകാരൻ , വെള്ളായിയപ്പൻ , കുട്ട്യസ്സൻമാപ്പിള , കണ്ടുണ്ണി)

2."ആചാര്യപുത്രാ , എന്നെ ശസ്ത്രംകൊണ്ടു കൊന്നേക്കൂ , താമസിക്കേണ്ട മനുഷ്യശ്രേഷ്ഠാ , അങ്ങയുടെ കൈകൊണ്ടുഞാൻ സുകൃതലോകങ്ങളിലേയ്ക്ക് പോകട്ടെ". ആരുടെതാണീ വാക്കുകൾ ?

(അശ്വത്ഥാമാവ് ,വ്യാസൻ , അർജുനൻ , ധൃഷ്ടദ്യുമ്നൻ )

3.'നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു'. ആര് ?

(ഇലഞ്ഞി , അശോകം , കൊച്ചുചക്കരച്ചി , ചെമ്പകം)

4.'ഒരു സങ്കീർത്തനം പോലെ.' ആരുടെ നോവലാണ് ?

(ഒ.വി. വിജയൻ , പെരുമ്പടവം ശ്രീധരൻ , കുട്ടിക്കൃഷ്ണമാരാർ , എ.പി. ഉദയഭാനു)

**14.** ഉത്തരമെഴുതുക. (4×6=24)

1. അമ്മയുടെ എഴുത്തുകളിൽ നിന്ന് കവിക്ക് പകർന്നു കിട്ടിയ അനുഭവങ്ങൾ എന്തെല്ലാം?

2. 'പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു

പാട്ടാണെന്നു പഴിക്കാമിന്നു പ–

രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ

പഴമോടരിയു ംപപ്പടവും ത-

ന്നാവതുവേഗമയയ്ക്കാൻ നോക്കാം.

ഇവരറിയുന്നീലെന്നഭിമാനം. '

കവി ഇവിടെ ആവിഷ്കരിക്കുന്ന വിചാരങ്ങൾ എന്തെല്ലാം ?

3.മനുഷ്യൻെറ സർഗ്ഗശേഷി വിജയം നേടിയ ചരിത്രമുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നതെങ്ങനെ ?

4. മാവിനോടുള്ള സ്നേഹം നാട്ടിൻപുറത്തെ കുട്ടികൾക്കു മാത്രമല്ല കവികൾക്കുമുണ്ടെന്ന് ലേഖകൻ എങ്ങനെയാണ് തെളിയിച്ചത്.?

5. മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തു പറയാൻ സംശയിക്കേണ്ടതില്ല. ഈ പ്രസ്താവനയുടെ ഔചിത്യം പരിശോധിക്കുക ?

6. 'എഴുത്ത് ആത്മാവിൻെറ വെളിപാടാണ് ' വിശദമാക്കുക ?

15.ഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (4×2=8)

1.ചട്ടമ്പിസ്വാമികളുടെ ജീവിതം നമുക്ക് നൽകുന്നസന്ദേശമെന്ത് ?

2.ചട്ടമ്പിസ്വാമികളുടെ അഹിംസാ നിർവചനത്തെക്കുറിച്ച് വിശദമാക്കുക?

3.കേരളത്തിൻെറ സാംസ്കാരികവും സാമൂഹികവുമായ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികൾക്കുള്ള പങ്ക് വിശദമാക്കുക ?

♫♫♫♫♫♫♫ ☺ ♫♫♫♫♫♫♫